www.malankaralibrary.com

# കൊറോണയുടെ സാമ്പത്തികമാനം

പ്രൊഫ. കെ.എം. ഫ്രാൻസിസ്

ക്രിസ്തുമസ്സ് ദിനങ്ങൾ കൊറോണ സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിയുടെ ഒരു നേർകാഴ്ചയാണ്. സമ്പന്നനായ ദൈവം ദരിദ്രനായി മാറിയതിന്റെ ഓർമ്മയാണ് ക്രിസ്തുമസ്സ്. യേശുക്രിസ്തുവിനെ ദൈവമായി മാത്രം കാണുന്നത് പാഷാണ്ഡതയാണ്. ഇന്നത്തെ ഏറ്റവും വലിയ പ്രലോഭനം യേശുവിനെ അത്ഭുതം ചെയ്യുന്ന ദൈവമായി മാത്രം കാണാനാണ്. എന്നാൽ മനുഷ്യവതാരത്തിന്റെ മറ്റൊരു വശം യേശുക്രിസ്തു മനുഷ്യന് മനുഷ്യന്റെ യഥാർത്ഥ അവസ്ഥ ചൂണ്ടിക്കാണിക്കുന്നുവെന്നതാണ് (സഭ ആധുനിക ലോകത്തിൽ, 22). ജനനം മുതൽ മരണം വരെയുള്ള യേശുവിന്റെ ജീവിതം നിസ്സഹായാവസ്ഥയുടേതാണ്. ഇതാണ് മനുഷ്യന്റെ യഥാർത്ഥ ചിത്രം.

എന്നാൽ ശാസ്ത്രത്തിന്റെ വളർച്ച സൃഷ്ടിച്ച സാമ്പത്തിക പുരോഗതി മനുഷ്യന് ഞാൻ സ്വയം പര്യാപ്തനാണെന്ന ബോധം സൃഷ്ടിച്ചു. ഞാൻ സ്വയം സമ്പൂർണ്ണനാണെന്ന തെറ്റായ ചിന്തയ്ക്ക് ഒരു വൈറസ് ഏല്പിച്ച ആഘാതമാണ് കോവിഡ്–19 എന്ന മഹാമാരി. ഇന്ത്യൻ പ്രധാനമന്ത്രിയും, കേരള മുഖ്യമന്ത്രിയുമെല്ലാം കൊറോണയെ പേടിച്ച് മുറിയിൽ അടച്ചിരിക്കുന്നു. ഇന്ത്യൻ പട്ടാളക്കാർക്കുപോലും പ്രധാനമന്ത്രിയുടെ ജീവനെ സംരക്ഷിക്കാൻ കഴിയാത്ത അവസ്ഥ. ഇതുതന്നെയാണ് ലോകത്തിലെ എല്ലാ സമ്പന്നരാഷ്ട്രങ്ങൾക്കും സംഭവിച്ചത്. ഇതിനെ ദൈവത്തിന്റെയോ, പ്രകൃതിയുടേയോ ശിക്ഷയായി കാണരുതെന്ന് ഫ്രാൻസീസ് മാർപ്പാപ്പ ഓർമ്മിപ്പിക്കുന്നു. ഇത് മനുഷ്യന്റെ യഥാർത്ഥ നിസ്സഹായാവസ്ഥയെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തൽ മാത്രമാണെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. സ്വാർത്ഥതയാണ് വൈറസിനേക്കാൾ അപകടകരമായ രോഗം. (ഫ്രാൻസീസ് മാർപ്പാപ്പ, നാം സോദരർ, 32–36).

നമ്മുടെ അയൽവാസികളുടെ ജീവിത സാഹചര്യത്തിൽ നിന്നുതന്നെ കോവിഡ് മഹാമാരി സൃഷ്ടിച്ച സാമ്പത്തിക നിസ്സഹായാവസ്ഥ മനസ്സിലാക്കാം. സ്ഥിരവരുമാനമില്ലാത്ത എല്ലാ വിഭാഗം ജനങ്ങളുടേയും ഉപജീവന ഉപാധി (Tool for livelihood) തകർന്നുപോയി. ഓട്ടോറിക്ഷ ഡ്രൈവർമാർ, ബസ്സുടമകൾ, വഴിയോര വാണിഭക്കാർ, ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ വാണിഭക്കാർ, തട്ടുകട നടത്തുന്നവർ മുതലായ ആയിരക്കണക്കിന് മേഖലകളിലെ തൊഴിലാളിയും, മുതലാളിയും ഒരുപോലെ തകർന്നുപോയ ദിനങ്ങളാണ് കോവിഡ് സമ്മാനിച്ചത്.

അനേകം മാസികകൾ പ്രവർത്തനം നിലച്ചു. പ്രിന്റിങ്ങ് തൊഴിലാളികൾ, പ്രസ്സുടമകൾ മുതലായവർ വരുമാനത്തിലെ കുറവുമൂലം നാശത്തിന്റെ വക്കിലെത്തി. ചെറുകിട നാമമാത്ര കർഷകർക്ക് ഉല്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. ഒരു വർഷം കൂടി ഈ മഹാമാരിയുടെ രൂക്ഷത അനുഭവിക്കേണ്ടിവന്നാൽ വൈറസ് മൂലം മരിച്ചവരേക്കാൾ കൂടുതൽ മനുഷ്യർ പട്ടിണിമൂലം മരിക്കേണ്ടിവന്നേനെ.

കോവിഡ്–19 മനുഷ്യന്റെ മനസ്സിൽ ഇനിയും മരിക്കാത്ത സഹോദരസ്നേഹമുണ്ടെന്നതിന്റെ തെളിവുകൂടിയാണ്. അനേകം വ്യക്തികൾ തങ്ങളുടെ ഔദാര്യമനസ്സിന്റെ പ്രേരണമൂലം സാമ്പത്തികമായി തകർന്നവരെ സഹായിക്കാൻ സന്മനസ്സുകാണിച്ചു എന്നത് ഭാവിയെക്കുറിച്ച് പ്രതീക്ഷ നൽകുന്നു.

www.malankaralibrary.com

## പഠിക്കേണ്ട പാഠങ്ങൾ

ഈ മഹാമാരിയുടെ കാലഘട്ടത്തിൽ ആരെയും സാമ്പത്തികമായി സഹായിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ലെങ്കിൽ നാം ഒരു മനുഷ്യത്വമില്ലാത്ത വ്യക്തിയാണ്. ഇങ്ങിനെ സംഭവിക്കുന്നതിന്റെ കാരണമെന്തായിരിക്കും? മരിക്കുന്നതിന് മുൻപ് എല്ലാ ഭൗതീകസുഖങ്ങളും ഉപഭോഗം ചെയ്യുണമെന്ന ത്വരയാണ് മനുഷ്യനെ നയിക്കുന്നത്. അതുകൊണ്ട് ലഭിക്കുന്ന തുകയേക്കാൾ ചിലവഴിക്കുക എന്ന ലക്ഷ്യം മനുഷ്യനുണ്ട്. നമ്മുടെ പൂർവ്വികർ എത്ര സമ്പത്തുണ്ടായാലും അമിതമായ ആർഭാടജീവിതം നയിക്കാറില്ല. വിവാഹം, മരണം മുതലായ ചടങ്ങുകൾക്ക് ഇന്നത്തെ ചിലവുകളുടെ നാലിലൊന്നുപോലും ചിലവഴിക്കാറില്ല. അതുകൊണ്ടുതന്നെ ജനങ്ങളുടെ കൈവശം പ്രതിസന്ധികളെ നേരിടാനുള്ള മിച്ചം ഉണ്ടായിരിക്കും.

വരുമാനം ചില വർഷങ്ങളിൽ അധികമായിരിക്കും, എന്നാൽ മറ്റുചില വർഷങ്ങളിൽ കുറവായിരിക്കും. കൃഷിയെ പരിശോധിക്കുക, നല്ല കാലാവസ്ഥ, നല്ല വിളവ്, നല്ല ലാഭം, മോശം കാലാവസ്ഥ, മോശം വിളവ്, നഷ്ടം. ഇത്തരമൊരു അവസ്ഥ നേരിടേണ്ടി വരുമെന്ന് കഴിഞ്ഞ കുറെ വർഷങ്ങളായി മനുഷ്യൻ മറന്നു. വരവിനേക്കാൾ ചെലവു ചെയ്യുന്നത് ഉല്പാദകർക്ക് നല്ലതാണ്. വ്യവസായം, വ്യാപാരം എന്നിവയ്ക്ക് അവ സഹായകമാണ്.

എന്നാൽ സ്ഥിരവരുമാനക്കാർ, കൂലിവേലക്കാർ, കർഷകർ മുതലായ വിഭാഗങ്ങൾ വരവിനേക്കാൾ കൂടുതൽ ചിലവ് ചെയ്താൽ അപ്രതീക്ഷിതമായ പ്രതിസന്ധികളിൽ സാമ്പത്തികമായി തകർന്നുപോകും. സാമ്പത്തികമായ സ്വയം പര്യാപ്തത, അഹങ്കരിക്കാനായി ഒന്നും നൽകുന്നില്ല എന്ന പാഠമാണ് മഹാമാരി നൽകുന്നത്.

ഈ മഹാമാരിയുടെ അനന്തരഫലമായി വിവിധ രാഷ്ട്രങ്ങളിലെ ദേശീയ വരുമാനത്തിനും, തൊഴിൽ അവസരങ്ങൾക്കും ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. അനേകായിരങ്ങൾ ഗൾഫ് രാജ്യങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് ഇന്ത്യയിൽ തിരച്ചെത്തിയിട്ടുണ്ട്. ഇവരെ പുനരധിവസിപ്പിക്കുന്ന തരത്തിലുള്ള വ്യവസായ സൗഹൃദ അന്തരീക്ഷം കേരളത്തിൽ സൃഷ്ടിച്ചില്ലെങ്കിൽ സമൂഹവും, സർക്കാരും സാമ്പത്തിക പ്രതിസന്ധി നേരിടേണ്ടി വരും. സാമ്പത്തിക വളർച്ചയെ സർക്കാരുകൾ ലക്ഷ്യംവെയ്ക്കുന്നതിനോടൊപ്പം, തൊഴിലവസരങ്ങളുടെ വർദ്ധനവും സർക്കാർ ലക്ഷ്യമാക്കണം.

മഹാമാരിയുടെ കാലഘട്ടത്തിൽ റേഷൻ സംവിധാനങ്ങളിലൂടെ നൽകുന്ന ഭക്ഷണവസ്തുക്കൾ ദരിദ്രർക്ക് സഹായകമാണ്. എങ്കിലും ആത്മാഭിമാനമുള്ള ജനതയാണ് രാഷ്ട്രത്തിന്റെ സമ്പത്ത്. ആത്മാഭിമാനം വേണമെന്നുണ്ടെങ്കിൽ സ്വന്തം തൊഴിലിലൂടെ ലഭിക്കുന്ന വരുമാനം ആവശ്യമാണ്. അതുകൊണ്ട് മഹാമാരി സൃഷ്ടിച്ച തൊഴിലവസര നഷ്ടങ്ങളെ പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്താൻ കോവിഡ്–19 നമ്മെ സഹായിക്കട്ടെ. സാമ്പത്തിക വളർച്ചയുടെ പരമകാഷ്ഠയിൽ മനുഷ്യൻ എത്തിചേർന്നാലും മനുഷ്യൻ നിസ്സഹായനും, നഗ്നനും, രോഗിയുമാണെന്ന് ഈ മഹാമാരി ഓർമ്മിപ്പിക്കുന്നു. ഈ ഓർമ്മയാണ് ക്രിസ്തുവിന്റെ ജീവിതം നൽകുന്ന പാഠം. ഈ പാഠത്തിൽ നിന്നെങ്കിലും ഞാൻ ഒറ്റയ്ക്ക് രക്ഷപ്പെടില്ലായെന്നും, ഞാൻ എത്ര വലിയവനാണെങ്കിലും, സഹോദരനില്ലാതെ എനിക്ക് അസ്ഥിത്വമില്ലായെന്നും ഈ മഹാമാരി നമ്മെ ഓർമ്മിപ്പിക്കുന്നു (ഫ്രാൻസീസ് മാർപ്പാപ്പ, നാം സോദരർ, 34).